**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1074** **18-09-2025 - ൽ മറുപടിയ്ക്ക്**

**എരഞ്ഞിപ്പറമ്പ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുന്ദമംഗലം മണ്ഡലത്തിൽ പ്രവൃത്തിയിലുള്ള എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണ് നിലവിലുള്ളതെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; | (എ) | **കുന്ദമംഗലം മണ്ഡലത്തിൽ പ്രവൃത്തിയിലുള്ള താഴെ പറയുന്ന 3 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണ് നിലവിലുള്ളത്.**<br><br>**1. ചാത്തമംഗലം പഞ്ചായത്തിൽ വെള്ളന്നൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.**<br><br>**2. നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.**<br><br>**3. മാവൂർ പഞ്ചായത്തിൽ കന്നിപറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.**<br><br>**മേൽ പറഞ്ഞ മൂന്ന് പദ്ധതികളും സുഗമമായി പ്രവർത്തിക്കുന്നു.** |
| (ബി) | എരഞ്ഞിപ്പറമ്പ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവൃത്തി എന്നാണ് ആരംഭിച്ചത്; ആയതിന്റെ പൂർത്തീകരണം വൈകുന്നതിന് ഇടയാക്കിയ കാരണമെന്താണ്; പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | **കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം നിയോജക മണ്ഡലത്തിൽ, ചാത്തമംഗലം പഞ്ചായത്തിൽ നടപ്പാക്കി വരുന്ന എരഞ്ഞിപറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കരാറുടമ്പടി വച്ച് 10.02.2020-ന് കരാറുകാരന് സ്ഥലം കൈമാറിയെങ്കിലും 2020 വർഷത്തിലുണ്ടായ Covid-19 നിയന്ത്രണങ്ങളുടെ ഭാഗമായി പ്രവൃത്തി നടത്തേണ്ട വാർഡുകൾ കണ്ടൈൻമെന്റ് സോണുകളായി പ്രഖ്യാപിച്ചതിനാലും നിപ്പ വൈറസ് കാരണമുള്ള നിയന്ത്രണങ്ങൾ മൂലവും ശക്തമായ കാലവർഷത്തിനാലും 2021 നവംബർ മാസത്തോടെയാണ് പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചത്. എന്നാൽ കനത്ത മഴ കാരണം പ്രവൃത്തിയുടെ സൈറ്റിലേക്കുള്ള വഴിയിലൂടെ വാഹന സൗകര്യം സാധ്യമാകാതിരുന്നതിനാൽ 2022 ജനുവരി മാസത്തിലാണ് പ്രവൃത്തി പുനരാരംഭിച്ചത്. പിന്നീട് പമ്പ്ഹൗസിന്റെ സ്ട്രക്ചർ പൂർത്തിയായി. ഡി.ഐ പൈപ്പ് ഇടുന്ന പ്രവൃത്തി പുരോഗമിക്കവെ, കോൺക്രീറ്റ് റോഡിലൂടെ പൈപ്പ് ഇടുന്ന വേളയിൽ സമീപവാസികളുടെ എതിർപ്പ് മൂലവും, അമ്പലപ്പറ്റ-വെളുത്തേടത്ത് മീത്തൽ പൈപ്പ് ഇടുന്നതിനായി** |

| | | | |
|---|---|---|---|
| | | | **റോഡ് കുഴിച്ചതിനാൽ റോഡ് ഗതാഗത യോഗ്യമല്ലാതാകുമെന്ന് കാണിച്ച് പ്രസ്തുത പ്രദേശവാസികളുടെ എതിർപ്പ് മൂലവും പ്രവൃത്തി തടസ്സപ്പെട്ടിരുന്നു. കള്ളൻതോട്-കുളിമാട് റോഡിൽ KRFB മുഖാന്തരം നടത്തുന്ന പ്രവൃത്തിയുടെ ഭാഗമായി നേരത്തെ lay ചെയ്തിട്ടുള്ള പൈപ്പ്, ഗ്രേഡിയന്റ് കട്ടിങ്ങിന്റെയും ഡ്രൈയിനേജ് നിർമ്മാണത്തിന്റെയും ഭാഗമായി പുറത്തെടുക്കുകയും റോഡിന്റെ ഗ്രേഡിയന്റ് കട്ടിങ് പൂർത്തിയാക്കിയതിനു ശേഷം 2025 ഏപ്രിൽ മാസത്തോടു കൂടി പൈപ്പ് പുനഃസ്ഥാപിക്കുകയും ചെയ്തു. മേൽ കാരണങ്ങളാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം വരികയും നിലവിൽ കരാറുടമ്പടി പ്രകാരമുള്ള 85% പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിക്കൽ വിഭാഗം ആവശ്യപ്പെട്ടതു പ്രകാരം ട്രാൻസ്ഫോമറിന്റെ കപ്പാസിറ്റി അടിസ്ഥാനമാക്കി Dipole post ന് പകരം Concrete platform നിർമ്മിച്ച് അതിന് മുകളിൽ ട്രാൻസ്ഫോമർ സ്ഥാപിക്കേണ്ടി വരുന്നതിനാലും പുതുക്കിയ DSR നിരക്കും കാരണം മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പമ്പ് ഹൗസിലേക്കുള്ള വൈദ്യുതി കണക്ഷൻ, പമ്പ് ഹൗസിന്റെ വൈദ്യുതീകരണം എന്നിവയ്ക്ക് വകയിരുത്തിയ തുകയെക്കാൾ PWD ഇലക്ട്രിക്കൽ വിഭാഗവും KSEB യും സമർപ്പിച്ച എസ്റ്റിമേറ്റ് തുക അധികരിച്ചിട്ടുണ്ട്. ആയതിനാൽ മേൽ പ്രവൃത്തിക്കുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അധിക തുക അനുവദിയ്ക്കാവുന്നതും തുടർന്ന് പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതുമാണ്.** |

സെക്ഷൻ ഓഫീസർ